"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - സമാശ്വാസ തൊഴിൽദാന പദ്ധതി - റവന്യൂ വകുപ്പിൽ വില്ലേജ് അസിസ്റ്റന്റ് ആയി ജോലി നോക്കി വരവെ അന്തരിച്ച പ്രിയദർശൻ എസ്. ന്റെ ഭാര്യയായ ശ്രീമതി ധന്യ കെ. യ്ക്ക് പാലക്കാട് ജില്ലയിൽ റവന്യൂ വകുപ്പിൽ ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (റ്റി) വകുപ്പ്

സ.ഉ.(കൈ) നം.109/2024/RD തീയതി,തിരുവനന്തപുരം, 24-06-2024

---

പരാമർശം:-

1. 30/12/1991 ലെ സ.ഉ.(പി)നം.45/91/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.
2. 24/05/1999 ലെ സ.ഉ.(പി)നം.12/1999/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.
3. 29/08/2013 ലെ സ.ഉ.(എം.എസ്)നം.24/2013/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.
4. 26/09/2014 ലെ സ.ഉ.(പി)നം.33/2014/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.
5. 07/01/2018 ലെ സ.ഉ.(പി)നം.1/2018/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.
6. 21/02/2018 ലെ സ.ഉ.(കൈ)നം.5/2018/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.
7. 28/04/2018 ലെ സ.ഉ.(കൈ)നം.7/2018/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.
8. 08/02/2021 ലെ റവ-റ്റി1/196/2020-റവ നമ്പർ കത്ത്.
9. 14/07/2023 ലെ സ.ഉ.(പി)നം.12/2023/ഉ.ഭ.പ.വ. നമ്പർ സർക്കാർ ഉത്തരവ്.
10. ശ്രീമതി ധന്യ കെ. സമർപ്പിച്ച 04.01.2024 ലെ അപേക്ഷ.
11. പാലക്കാട് ജില്ലാ കളക്ടറുടെ 28.03.2024 ലെ DCPKD/3592/2024-A3 നമ്പർ കത്ത്.
12. ലാൻഡ് റവന്യൂ കമ്മീഷണറുടെ 02.05.2024 ലെ എൽ.ആർ./3518/2024-എൽ.ആർ.(എൽ3) നമ്പർ കത്ത്.

**ഉത്തരവ്**

സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ റവന്യു വകുപ്പിൽ ക്ലർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി, റവന്യു വകുപ്പിൽ വില്ലേജ് അസിസ്റ്റന്റ് ആയി ജോലി നോക്കി വരവെ **01.04.2023** ൽ അന്തരിച്ച പ്രിയദർശൻ എസ്. ന്റെ ഭാര്യയായ ശ്രീമതി ധന്യ കെ. യ്ക്ക് ('ശ്രീ. അയ്യപ്പ', കിഴക്കേക്കാട്, മുതലമട പി.ഒ., പാലക്കാട്, പിൻ **678 507**) പരാമർശം **(10)** പ്രകാരം സമർപ്പിച്ച അപേക്ഷ, പരിശോധിച്ച് പാലക്കാട് ജില്ലാ കളക്ടറും ലാൻഡ് റവന്യൂ കമ്മീഷണറും യഥാക്രമം പരാമർശം **(11)**, **(12)** പ്രകാരം നിയമനത്തിന് ശിപാർശ ചെയ്ത് സർക്കാരിലേയ്ക്ക് സമർപ്പിക്കുകയുണ്ടായി.

2) പരേതനായ പ്രിയദർശൻ എസ്. ന് **6** വർഷം **4** മാസം **11** ദിവസം സർവ്വീസുണ്ടായിരുന്നു. ടിയാൻ സൂപ്പർ ന്യൂമററി തസ്തികയിൽ ജോലിയിൽ പ്രവേശിച്ച വ്യക്തിയല്ലെന്ന് പരാമർശം **(11)** പ്രകാരം ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. ശ്രീമതി ധന്യ കെ. പരേതന്റെ നിയമാനുസൃത അവകാശിയാണ്. പരേതന്റെ മറ്റ് അവകാശികൾ ആശ്രിത നിയമനത്തിനുള്ള അവകാശം അപേക്ഷകയ്ക്ക് നല്കി കൊണ്ട് സമ്മതപത്രം നൽകിയിട്ടുണ്ട്. പരേതന്റെ മരണ ശേഷം കുടുംബത്തിലെ ആർക്കും തന്നെ ഈ പദ്ധതി പ്രകാരമുള്ള ആശ്രിത നിയമനം നൽകിയിട്ടില്ല. അപേക്ഷകയുടെ ജനന തീയതി **13.05.1990** ഉം ഇപ്പോൾ **34** വയസ്സ് പൂർത്തിയായിട്ടുള്ളതുമാണ്. അപേക്ഷക പത്താം ക്ലാസ്സ് പരീക്ഷ വിജയിച്ചിട്ടുണ്ട്. അപേക്ഷകയുടെ കുടുംബ വാർഷിക വരുമാനം **₹1,51,000/-** (രൂപ ഒരു ലക്ഷത്തി അമ്പത്തി ഒന്നായിരം മാത്രം) ആണ്. സംരക്ഷണമൊഴി നൽകിയിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. റവന്യു വകുപ്പിൽ വില്ലേജ് അസിസ്റ്റന്റ് ആയി ജോലി നോക്കി വരവെ അന്തരിച്ച പ്രിയദർശൻ എസ്. ന്റെ ഭാര്യയായ ശ്രീമതി ധന്യ കെ.യ്ക്ക് ('ശ്രീ. അയ്യപ്പ', കിഴക്കേക്കാട്, മുതലമട പി.ഒ., പാലക്കാട്, പിൻ **678 507**) നിയമന ഉത്തരവ് പുറപ്പെടുവിക്കുന്നതിനു മുൻപ് അപേക്ഷകയുടെ തിരിച്ചറിയൽ രേഖ, അനന്തരാവകാശ സാക്ഷ്യപത്രത്തിന്റെ അസ്സൽ എന്നിവ നിയമനാധികാരി പരിശോധിച്ചിരിക്കണമെന്ന വ്യവസ്ഥയ്ക്കും പരാമർശം **(2)** ഉത്തരവിലേയും അനുബന്ധ ഉത്തരവുകളിലേയും, പരാമർശം **(8)** കത്തിലേയും വ്യവസ്ഥകൾക്കും, വിധേയമായി സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽ റവന്യു വകുപ്പിൽ ക്ലാർക്ക്/വില്ലേജ് അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4) പരാമർശം **(2)** ഉത്തരവിലെയും അനുബന്ധമായ മറ്റ് ഉത്തരവുകളിലെയും നിബന്ധനകൾക്കു വിധേയമായി അപേക്ഷകയ്ക്ക് നിയമന ഉത്തരവ് നൽകുവാനുള്ള നടപടി ലാൻഡ് റവന്യൂ കമ്മീഷണർ സ്വീകരിക്കേണ്ടതാണ്. അപേക്ഷകയ്ക്ക് നിയമനം നൽകിയ വിവരം പരേതന്റെ സർവ്വീസ് ബുക്കിലും ടിയാൻ അവസാനം ജോലി ചെയ്ത കാര്യാലയത്തിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിലും യഥാവിധി രേഖപ്പെടുത്തേണ്ടതും ആയത് ഓഫീസ് മേധാവി/വകുപ്പ് മേധാവി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. **12.06.1996** ലെ സ.ഉ.(പി) നം.**460/96**/ഉ.ഭ.പ.വ. നമ്പർ സർക്കാർ വിജ്ഞാപനം പ്രകാരം അപേക്ഷകയുടെ നിയമനത്തിനു ശേഷം പ്രൊബേഷൻ കാലാവധിക്കുള്ളിൽ ബന്ധപ്പെട്ട വകുപ്പുതല പരീക്ഷകൾ പാസ്സായിരിക്കേണ്ടതുമാണ്.

5) ഉദ്യോഗാർത്ഥിയുടെ പ്രായം, വിദ്യാഭ്യാസ യോഗ്യത, സ്വഭാവം,

മെഡിക്കൽ ഫിറ്റ്നസ് എന്നിവ നിലവിലുള്ള ചട്ടങ്ങളുടേയും നിയമാവലിയുടേയും അടിസ്ഥാനത്തിൽ നിയമനാധികാരി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതാണ്.

**6)** സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം അപേക്ഷ സമർപ്പിച്ചപ്പോഴോ വകുപ്പ് തലത്തിൽ അന്വേഷണം നടത്തിയ സമയത്തോ അപേക്ഷക എന്തെങ്കിലും വസ്തുതകൾ മറച്ചുവയ്ക്കുകയോ തെറ്റായി ബോധിപ്പിക്കുകയോ ചെയ്തതായി പിന്നീട് എപ്പോഴെങ്കിലും ബോദ്ധ്യമാകുന്ന പക്ഷവും, നിയമനാനുമതി നൽകിയ ശേഷമുള്ള പരിശോധനയിൽ എന്തെങ്കിലും കാരണത്താൽ ഉത്തരവ് തെറ്റായിട്ടാണ് പുറപ്പെടുവിച്ചതെന്ന് കാണുകയോ ചെയ്യുന്ന പക്ഷവും നിയമന ഉത്തരവ് റദ്ദ് ചെയ്യുന്നതിനുള്ള പൂർണ്ണ അധികാരം സർക്കാരിന് ഉണ്ടായിരിക്കുന്നതാണ്.

**7)** പരാമർശം **(1)** ലെ ഉത്തരവ് പ്രകാരം അപേക്ഷകയുടെ ജനന തീയതിയിൽ സർവ്വീസ് ബുക്കിൽ എന്തെങ്കിലും തിരുത്തൽ വരുത്തേണ്ടതുണ്ടെങ്കിൽ സർവ്വീസിൽ പ്രവേശിച്ച് അഞ്ച് വർഷത്തിനുള്ളിൽ അപേക്ഷിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റോയിച്ചൻ തോമസ്
ഡെപ്യൂട്ടി സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, പാലക്കാട്.
ശ്രീമതി ധന്യ കെ., ശ്രീ. അയ്യപ്പ, കിഴക്കേക്കാട്, മുതലമട പി.ഒ.,
പാലക്കാട്, പിൻ 678 507 (രജിസ്റ്റേർഡ് തപാൽ മുഖേന).
പൊതുഭരണ (സി.ഇ) സെൽ വകുപ്പ്,
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ /ഓഫീസ് പകർപ്പ്. (REV-T1/98/2024-REV)

ഉത്തരവിൻ പ്രകാരം

Signed by
Sindhu Beegum M S
Date: 24-06-2024 15:13:07

സെക്ഷൻ ഓഫീസർ